# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1519 — 13.07.2016 ൽ മറുപടിയ്ക്ക്

### സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോകൾ അനുവദിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആന്റണി ജോൺ | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ എല്ലാ താലൂക്കുകളിലും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) ഇല്ല. |
| (ബി) ഡിപ്പോകൾ ഇല്ലാത്ത താലൂക്കുകളിൽ പുതിയ ഡിപ്പോ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ബി) പുതുതായി രൂപീകരിച്ചിട്ടുള്ള താലൂക്കുകൾ ഉൾപ്പെടെ 17 താലൂക്കുകളിൽ സപ്ലൈകോ ഡിപ്പോകൾ പ്രവർത്തിക്കുന്നില്ല. താലൂക്ക് ഡിപ്പോകൾ പ്രവർത്തിക്കുന്നില്ലെങ്കിലും, ഈ താലൂക്കുകളിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, സപ്ലൈകോ വിൽപ്പന ശാലകൾ എന്നിവയ്ക്ക് സമീപ പ്രദേശങ്ങളിലുള്ള ഡിപ്പോകളിൽ നിന്ന് അവശ്യ സാധനങ്ങൾ പരാതിക്ക് ഇടവരാതെ കാര്യക്ഷമമായി വിതരണം ചെയ്ത് വരുന്നുണ്ട്. നിലവിൽ സപ്ലൈകോയുടെ സാമ്പത്തികാവസ്ഥ മോശമായതിനാൽ പുതിയ ഡിപ്പോകൾ ആരംഭിയ്ക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |
| (സി) അടച്ച് പൂട്ടിയ കോതമംഗലം ഡിപ്പോ, ആവശ്യമായ സ്റ്റാഫുകളെ നിയമിച്ചുകൊണ്ട് പഴയ രീതിയിൽ തന്നെ തുറന്നു പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ? | (സി) മൂവാറ്റുപുഴ ഡിപ്പോയുടെ ഒരു എക്സ്റ്റൻഷൻ ഡിപ്പോ കോതമംഗലം താലൂക്കിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിന്നും കോതമംഗലം താലൂക്കിലെ മാവേലി സ്റ്റോറുകൾക്ക് മാവേലി ഇനങ്ങളും, റേഷൻ കടകൾക്ക് ആട്ടയും, പഞ്ചസാരയും വിതരണം നടത്തി വരുന്നുണ്ട്. പഴയരീതിയിൽ ഡിപ്പോയായി പ്രവർത്തിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ